# മാറ്റം: ശുഭകരമായ വിദ്യാലയജീവിതാരംഭം

കുടുംബാംഗങ്ങൾക്കുള്ള വിവരഷീറ്റ്

**നിങ്ങളും കുട്ടിയും പുതിയൊരു വർഷത്തിലേക്ക് കടക്കുന്ന ഈ സന്ദർഭത്തിൽ, വിദ്യാലയജീവിതാരംഭം ഇനിയും ഏറെ അകലെയാണ് എന്ന് തോന്നാം. വിദ്യാലയജീവിതാരംഭം വെല്ലുവിളി ഉയർത്തുന്നതും ആവേശകരവുമാവാം. വിദ്യാലയ പ്രവേശനവുമായി ബന്ധപ്പെട്ട പരിപാടികൾ നിങ്ങൾക്കും, വർഷം മുന്നോട്ടുനീങ്ങുന്തോറും വിദ്യാലയജീവിതാരംഭത്തിനായുള്ള നിങ്ങളുടെ കുട്ടിയുടെ തയ്യാറെടുപ്പിനും എങ്ങനെ സഹായകരമാവുമെന്നത് സംബന്ധിച്ച ചില വിവരങ്ങൾ ഈ വിവര ഷീറ്റ് നൽകുന്നു.**

ജീവിതത്തിലെ ചെറുതും വലുതുമായ മാറ്റങ്ങളിലൂടെ ഇതിനകം തന്നെ നിങ്ങളുടെ കുട്ടി കടന്നുപോയിട്ടുണ്ട്. പുതിയതും ചിരപരിചിതമല്ലാത്തതുമായ ചുറ്റുപാടുകളോട് കുട്ടി എങ്ങനെ പ്രതികരിക്കുന്നുവെന്നത് (ഉദാഹരണത്തിന്, നിങ്ങൾ ഒഴിവിനുപോവുമ്പോൾ, ശിശു പരിപാലന കേന്ദ്രങ്ങളിലോ കിന്റർഗാർട്ടനിലോ പോയിത്തുടങ്ങുമ്പോൾ, പ്ലേഡേറ്റുകൾക്ക് പോവുമ്പോൾ, ഒരു പ്രവർത്തനത്തിൽ നിന്നോ ദിനചര്യയിൽ നിന്നോ മറ്റൊന്നിലേക്ക് മാറുമ്പോൾ) പുതിയ സാഹചര്യങ്ങളോട് കുട്ടി എങ്ങനെ പ്രതികരിക്കുന്നുവെന്നതിന്റെയും അതിനെ എത്രത്തോളം നന്നായി നിങ്ങൾക്ക് സഹായിക്കാനാവും എന്നതിന്റെയും ചിത്രം നൽകുന്നു

## വിദ്യാലയജീവിതാരംഭം ശുഭകരമായിരിക്കേണ്ടതിന്റെ പ്രാധാന്യമെന്താണ്?

വിദ്യാലയ ജീവിതത്തിന് ഒരു ശുഭകരമായ തുടക്കം ലഭിക്കുന്നത് വിദ്യാലയപ്രവേശനഘട്ടത്തിലും അതിനുശേഷവും നന്നായി പഠിക്കാനും സന്തോഷത്തോടെയിരിക്കാനും നിങ്ങളുടെ കുട്ടിയെ സഹായിക്കുന്നു. അത് കുട്ടിയുടെ തുടർച്ചയായ പഠനത്തെയും വികാസത്തെയും സഹായിക്കുന്നതോടൊപ്പം അവർക്ക് സുരക്ഷിതബോധവും, ആത്മവിശ്വാസവും പകർന്നുനൽകുകയും പുതിയ ആളുകളുമായും സ്ഥലങ്ങളുമായും നിരന്തര സമ്പർക്കത്തിലായെന്ന തോന്നൽ ഉളവാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

## നിങ്ങളുടെ കുട്ടിയെ സ്കൂളിൽ ചേർക്കൽ

മിക്ക പ്രാഥമിക വിദ്യാലയങ്ങളും അടുത്ത അദ്ധ്യയന വർഷത്തേയ്ക്കായി കുട്ടികളെ ചേർക്കുന്നത് മെയ് മാസത്തിലാണ്. കുട്ടിയെ വിദ്യാലയത്തിൽ ചേർക്കുമ്പോൾ വിദ്യാലയജീവിത പ്രവേശനസംബന്ധിയായ പരിപാടികൾ, പ്രവർത്തനങ്ങൾ എന്നിവയിലൂടെ വിദ്യാലയത്തെ കുറിച്ച് മനസ്സിലാക്കാൻ അവർക്ക് അവസരങ്ങൾ ഒരുക്കാവുന്നതാണ്. പ്രവേശനസംബന്ധിയായ പരിപാടികളിൽ ഏറ്റവും ഫലപ്രദമായവ വർഷാവസാനത്തിന് വളരെ മുമ്പായി ആരംഭിക്കുകയും വിദ്യാലയാരംഭം കഴിഞ്ഞ് കുറച്ചുദിവസത്തേക്ക് കൂടി നീണ്ടുനിൽക്കുകയും ചെയ്യുന്നു.

## വിദ്യാലയജീവിത പ്രവേശനസംബന്ധിയായ പരിപാടികളും പ്രവർത്തനങ്ങളും

വിദ്യാലയം എങ്ങനെയിരിക്കുമെന്നത് നന്നായി മനസ്സിലാക്കിയെടുക്കുന്നതിനും വിദ്യാലയത്തിൽ പഠിക്കാൻ വരുന്ന മറ്റ് കുട്ടികളുമായും അവരുടെ കുടുംബാംഗങ്ങളുമായും സൗഹൃദം സ്ഥാപിക്കുന്നതിനും വിദ്യാലയജീവിത പ്രവേശനസംബന്ധിയായ പരിപാടികളും പ്രവർത്തനങ്ങളും, നിങ്ങളെയും കുട്ടിയെയും സഹായിക്കുന്നു.

---

## പാഠ്യ, വളർച്ചാ പ്രസ്താവന

നിങ്ങളുടെ കുട്ടിയുടെ താൽപ്പര്യങ്ങളും വൈദഗ്ദ്ധ്യങ്ങളും കഴിവുകളും സംഗ്രഹിതമായി ഉൾപ്പെടുത്തിക്കൊണ്ട് ശിശുക്ഷേമ പ്രബോധകൻ വിദ്യാലയ ജീവിതാരംഭത്തിലെ *Transition Learning and Development Statement* (പാഠ്യ, വളർച്ചാ പ്രസ്താവന) തയ്യാറാക്കും. കൂടാതെ നിങ്ങളുടെ കുട്ടിയെ നന്നായി മനസ്സിലാക്കി ഉചിതമായ പാഠ്യ, അദ്ധ്യാപന പരിപാടികൾ ആവിഷ്കരിക്കുന്നതിന് കുട്ടിയുടെ വിദ്യാലയത്തിലെ അദ്ധ്യാപകനെയും പ്രിപ്പറേറ്ററി അദ്ധ്യാപകനേയും സഹായിക്കുന്ന തരത്തിൽ ആവശ്യമായ വ്യക്തിഗതമായ സമീപനങ്ങളും അദ്ധ്യാപന ശൈലികളും ഇതിൽ അടങ്ങിയിട്ടുണ്ടാവും. കുട്ടിയെ വിദ്യാലയ സമയം കഴിഞ്ഞുള്ള പരിചരണ സേവനങ്ങളിൽ (OSHC) അയയ്ക്കാൻ ആലോചിക്കുന്നുണ്ടെങ്കിൽ, അവരുമായും നിങ്ങൾക്ക് വളർച്ചാ സ്റ്റേറ്റ്മെന്റ് പങ്കിടാവുന്നതാണ്.

നിങ്ങളുടെ കുട്ടിയുടെ താൽപ്പര്യങ്ങൾ തിരിച്ചറിഞ്ഞ് പദ്ധതികൾ തയ്യാറാക്കാനും ശൈശവകാലഘട്ടത്തിനും വിദ്യാലയജീവിതത്തിനും വിദ്യാലയ സമയം കഴിഞ്ഞുള്ള പരിചരണ സേവനങ്ങൾക്കുമിടയിലെ തുടർച്ച നഷ്ടപ്പെടാതെ നോക്കാനും കുട്ടിയുടെ വളർച്ചാ സ്റ്റേറ്റ്മെന്റ് വിദ്യാലയ സമയം കഴിഞ്ഞുള്ള പരിചരണ സേവനങ്ങളിലെ പ്രബോധകരെ സഹായിക്കുന്നു.

വിദ്യാലയജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ കുട്ടിയുടെ പഠനത്തെ കുറിച്ച് മനസ്സിലാക്കുന്നതിനും, പിന്തുണ നൽകുന്നതിനും, ആശയവിനിമയം

നടത്തുന്നതിനും, അതിനുവേണ്ടി നിലകൊള്ളുന്നതിനും വളർച്ചാ സ്റ്റേറ്റ്മെന്റ് നിങ്ങളെ സഹായിക്കുന്നു. കുട്ടിയുടെ പൂർണമായ വളർച്ചാ സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ് നിങ്ങൾക്ക് ലഭിക്കും.

നിങ്ങളുടെ കുട്ടിയുടെ വളർച്ചാ സ്റ്റേറ്റ്മെന്റിൽ കുട്ടിയുടെ പേര്, ജന്മദിനവും ഫോട്ടോയും, നിങ്ങളുടെ പേരും കോൺടാക്റ്റ് വിവരങ്ങളും എന്നിവ ഉൾപ്പെടെയുള്ള ചില വ്യക്തിപരമായ വിവരങ്ങൾ അടങ്ങിയിരിക്കും. ആവശ്യമുള്ള സന്ദർഭങ്ങളിൽ, നിങ്ങളുടെ കുട്ടിയെ പിന്തുണയ്ക്കുന്ന മറ്റ് ശിശുക്ഷേമ വിദഗ്ദ്ധരുടെ പേരും കോൺടാക്റ്റ് വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തും.

വളർച്ചാ സ്റ്റേറ്റ്മെന്റുകൾ സാധാരണയായി നാലാമത്തെ ടേമിലാണ് എഴുതുക, എന്നാൽ നിങ്ങളുടെ കുട്ടിക്ക് ശാരീരിക വൈകല്യമോ വളർച്ചാ മാന്ദ്യമോ ഉണ്ടെങ്കിൽ, ആവശ്യമായ അധിക പാഠ്യ ആവശ്യതകളെ കുറിച്ച് നിങ്ങളുമായും നിങ്ങളുടെ കുട്ടി ചേർന്ന വിദ്യാലയത്തിന്റെ അധികൃതരുമായും സംവദിക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ നിങ്ങളുടെ ശിശുക്ഷേമ പ്രബോധകൻ, നേരത്തെ തന്നെ, അതായത് ജൂൺ/ജൂലൈ മാസങ്ങളിൽ തന്നെ വളർച്ചാ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയേക്കാം. നിങ്ങളുടെ കുട്ടിയെ കുറിച്ച് ഒട്ടനവധി കാര്യങ്ങൾ നിങ്ങൾക്കറിയാമെന്നതിനാൽ തന്നെ സ്റ്റേറ്റ്മെന്റിൽ നിങ്ങൾക്ക് നൽകാവുന്ന സംഭാവന വിലപ്പെട്ടതാണ്. വളർച്ചാ സ്റ്റേറ്റ്മെന്റിന്റെ ഒരു ഭാഗം പൂരിപ്പിക്കാൻ നിങ്ങളോട് ആവശ്യപ്പെടും. ഈ ഭാഗം പൂരിപ്പിക്കുന്നത്, നിങ്ങൾക്കും കുട്ടിയ്ക്കും മികച്ച ഒരു വിദ്യാലയജീവിതാരംഭമുണ്ടാവാൻ എങ്ങനെ സഹായിക്കാമെന്ന് മനസ്സിലാക്കാൻ വിദ്യാലയ അധികൃതരെ സഹായിക്കുന്നു.

നിങ്ങളുടെ കുട്ടി പൂരിപ്പിക്കേണ്ട ഒരു ഭാഗവും ഇതിലുണ്ട് (മുതിർന്ന ഒരാളുടെ സഹായത്തോടെ, ഇത് നിങ്ങളോ കുട്ടിയുടെ ശിശുക്ഷേമ പ്രബോധകനോ ആവാം). ഈ ഭാഗത്ത് സാധാരണയായി ഒരു ചിത്രം അടങ്ങിയിരിക്കും, അതോടൊപ്പം നിങ്ങളുടെ കുട്ടിക്ക് വിദ്യാലയത്തെ കുറിച്ച് കൗതുകമുണർത്തുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും വിദ്യാലയജീവിതാരംഭത്തെ കുറിച്ച് അവർ എന്തു ചിന്തിക്കുന്നുവെന്നും രേഖപ്പെടുത്തുന്നു.

## നിങ്ങളുടെ കുട്ടിയുടെ വിദ്യാലയ അധികൃതരുമായി വിവരങ്ങൾ പങ്കിടുന്നതെങ്ങനെയാണ്

2017 മുതൽ *Insight Assessment Platform* (മൂല്യനിർണ്ണയത്തിനുള്ള ടൂളുകളും/ സാമഗ്രികളും അടങ്ങിയ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം) എന്നതിൽ അടങ്ങിയ ഒരു ഓൺലൈൻ ടൂൾ ഉപയോഗിച്ച് വളർച്ചാ സ്റ്റേറ്റ്മെന്റ് പൂർത്തിയാക്കുകയും പങ്കിടുകയും സൂക്ഷിച്ചുവെക്കുകയും ചെയ്യും. *Insight Assessment Platform* എന്നതിൽ നൽകുന്ന എല്ലാ വിവരങ്ങളും ഓസ്ട്രേലിയക്കുള്ളിൽ തന്നെ സൂക്ഷിക്കുന്നതായിരിക്കും.

നിലവിൽ എല്ലാ വിക്ടോറിയൻ ഗവൺമെന്റ് വിദ്യാലയങ്ങളിലും *Insight Assessment Platform* ഉപയോഗിക്കുന്നുണ്ട്. ഇതിൽ മൂല്യനിർണ്ണയ രേഖകൾ സൂക്ഷിക്കുകയും കുട്ടിയുടെ പഠനത്തെയും വികാസത്തെയും സംബന്ധിച്ച് നൈരന്തര്യ സ്വഭാവമുള്ള ഒരു രേഖയുണ്ടാക്കാൻ വിദ്യാലയങ്ങളെ അനുവദിക്കുകയും ചെയ്യുന്നു. ചില കത്തോലിക്ക് വിദ്യാലയങ്ങൾക്കും സ്വതന്ത്ര വിദ്യാലയങ്ങൾക്കും *Insight Assessment Platform* വഴി നിങ്ങളുടെ കുട്ടിയുടെ വളർച്ചാ സ്റ്റേറ്റ്മെന്റ് ലഭിച്ചേക്കാം, അല്ലെങ്കിൽ ഞങ്ങളുടെ സേവനത്തിൽ നിന്ന് രേഖാമൂലമുള്ള പതിപ്പോ ഇലക്ട്രോണിക് പതിപ്പോ ലഭിക്കും.

ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യുക്കേഷൻ ആൻഡ് ട്രെയിനിംഗ് (ഡിപ്പാർട്ട്മെന്റ്) അവരുടെ ചില പ്രവർത്തനങ്ങൾ പുറത്തുനിന്നുള്ള സേവനദാതാക്കൾക്ക് കരാറടിസ്ഥാനത്തിൽ നൽകാറുണ്ട്. ഇങ്ങനെ നൽകുന്ന സന്ദർഭങ്ങളിൽ, കരാർ നൽകുന്ന പ്രക്രിയയുടെ ഭാഗമായി ഡിപ്പാർട്ട്മെന്റിന്റെ ആവശ്യപ്രകാരമുള്ള ഡാറ്റ സുരക്ഷിതമാക്കൽ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ഡിപാർട്ട് മെന്റിന്റെ വിവര സ്വകാര്യതാ നയം (www.education.vic.gov.au/Pages/privacypolicy) *Insight Assessment Platform* പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സ്വകാര്യതാ ആഘാത പഠനം നടത്തിയിട്ടുണ്ട്.

മേൽനോട്ടം നടത്തുന്നതിനും ഗവേഷണാവശ്യങ്ങൾക്കുമായി വളർച്ചാ സ്റ്റേറ്റ്മെന്റിൽ നിന്നുള്ള വിവരങ്ങളും വിദ്യാലയങ്ങളിൽ കുട്ടികളെ ചേർത്തതിൽ നിന്നുള്ള ചില വിവരങ്ങളും ഡിപ്പാർട്ട്മെന്റ് ഉപയോഗിച്ചേക്കാം.

*Insight Assessment Platform* എന്നതിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭിക്കാൻ ബന്ധപ്പെടുക: ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യുക്കേഷൻ ആൻഡ് ട്രെയിനിംഗ്, psts@edumail.vic.gov.au.

## കൂടുതൽ വിവരങ്ങൾക്ക്

www.education.vic.gov.au/transitiontoschool സന്ദർശിക്കുക

ഈ രേഖ അനേകം ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അവ www.education.vic.gov.au/transitiontoschool എന്നതിൽ ലഭ്യമാണ്.